14
TUESDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


## ദുബായിൽ കെട്ടിട വാടക കുറയുന്നു, കൂടില്ല മൂന്നു വർഷത്തേക്ക്.





പ്രവാസികളിൽ ആഹ്ലാദമുയർത്തി ദുബായിൽ കെട്ടിട വാടക കുറയുന്നതായി സൂചന. ദുബായുടെ ഹൃദയ ഭാഗങ്ങളായ ബർദുബായിലും കരാമയിലും അപ്പാർട്മെന്റുകളുടെയും ഫ്ളാറ്റുകളുടെയും വാടക 20 മുതൽ 25% വരെ കുറയുന്നെന്നാണ് റിപ്പോർട്ട്.

## കുട്ടികൾക്ക് വേണ്ടി അധ്യാപകർ പരീക്ഷ എഴുതിയ സംഭവം:
### വീണ്ടും പരീക്ഷ എഴുതണമെന്ന് പൊതുവിദ്യഭ്യാസ വകുപ്പ്





വിദ്യാർത്ഥികൾ വീണ്ടും പരീക്ഷ എഴുതണമെന്ന് പൊതുവിദ്യഭ്യാസ വകുപ്പ്. ഫലം തടഞ്ഞു വെച്ച മൂന്ന് വിദ്യാർത്ഥികളാണ് സേ പരീക്ഷ എഴുതേണ്ടത്. ഇവരുടെ പരീക്ഷ ഫീസ് സർക്കാർ അടയ്ക്കും.എന്നാൽ സർക്കാരിന്റെ തീരുമാനത്തിനെതിരെ രക്ഷിതാക്കൾ രംഗത്തെത്തി. വിദ്യഭ്യാസ വകുപ്പിന്റെ തീരുമാനം അംഗീകരിക്കാൻ കഴിയില്ലെന്ന് രക്ഷിതാക്കൾ പറഞ്ഞു.

## ജപ്തി ഭീഷണി: അമ്മയും മകളും തീകൊളുത്തി.

### ബാങ്കുകളെ നിലയ്ക്കുനിർത്തണമെന്ന് DYFI




**തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ ജപ്തി നടപടി ഭയന്ന് അമ്മയും മകളും തീകൊളുത്തി ആത്മഹത്യയ്ക്ക് ശ്രമിച്ചു.** മകൾ മരിച്ചു. ഡിഗ്രി വിദ്യാർഥി വൈഷ്ണവി (19) ആണ് മരിച്ചത്. അമ്മ ലേഖ (40) ഗുരുത രമായ പൊള്ളലുകളോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇവർക്ക് 90 ശതമാ നത്തോളം പൊള്ളലേറ്റിട്ടുണ്ട്.

# റംസാനിൽ സേവന പ്രവർത്തനങ്ങൾക്ക് തയ്യാറെങ്കിൽ ദുബായ് കെയറുമായി കൈകോർക്കാം:



റംസാനിൽ സേവന പ്രവർത്തനങ്ങൾക്ക് ദുബായ് കെയറുമായി ഒത്തുചേരാൻ അവസരം. സെനഗലിലെയും സാൻസിബാറിലെയും അൻപതിനായിരത്തോളം പാവപ്പെട്ട കുട്ടികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ സന്നദ്ധസേവനം നടത്താം. 18 മുതൽ 21 വരെയാണ് പദ്ധതി പ്രവർത്തനം നടക്കുക.

# മമതയുടെ ഫോട്ടോഷോപ്പ് ചെയ്ത ചിത്രം പ്രചരിപ്പിച്ച യുവതിയോട് മാപ്പെഴുതി നൽകാൻ സുപ്രീം കോടതി:



പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ മോർഫ് ചെയ്ത ചിത്രങ്ങൾ പ്രചരിപ്പിച്ച യുവമോർച്ച നേതാവ് പ്രിയങ്കാ ശർമക്ക് സുപ്രീംകോടതി ജാമ്യം അനുവദിച്ചു.

# ബി.ജെ.പി മുന്നൂറിനടുത്ത് സീറ്റുകൾ നേടുമെന്ന് പ്രവചനം : അധ്യാപകന് സസ്പെൻഷൻ



ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി നേട്ടമുണ്ടാക്കുമെന്ന് പ്രവചിച്ച സംസ്കൃത അധ്യാപകൻ രാജേശ്വർ മുസൽഗവോൻകറിന് നേരെ അച്ചടക്കനടപടി. ഉജ്ജയ്നിലെ വിക്രം സർവകലാശാലയിലെ അധ്യാപകനെയാണ് എം.പി സർവകലാശാല ആക്ട് 1973 പ്രകാരം സസ്പെൻഡ് ചെയ്യാൻ സർക്കാറിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദേശിച്ചു.

# പെരിയ ഇരട്ടക്കൊലപാതകം:
## സിപിഎം ഏരിയാ, ലോക്കൽ സെക്രട്ടറിമാർ അറസ്റ്റിൽ.



സി.പി.എം. ഉദുമ ഏരിയ സെക്രട്ടറി കെ.എം. മണികണ്ഠൻ, പെരിയ ലോക്കൽ കമ്മിറ്റി സെക്രട്ടറി ബാലകൃഷ്ണൻ എന്നിവർക്കാണ് ഹോസ്ദുർഗ് കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചത്. പെരിയ കല്ല്യോട്ടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ശരത്ത് ലാൽ, കൃപേഷ് എന്നിവരെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ ചൊവ്വാഴ്ച ഉച്ചയോടെയാണ് ഇരുവരെയും ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തത്.

# യെമനിൽ കോളറ പടർന്ന് പിടിക്കുന്നു;

## ജനുവരി മുതൽ ഇതുവരെ മാത്രം 2 ലക്ഷത്തിലധികം പേർക്ക് കോളറ ബാധിച്ചതായി കണക്കുകൾ.



മെച്ചപ്പെട്ട ജോലി തേടി ആഫ്രിക്കയിൽ നിന്നും കടൽ കടന്നെത്തിയവരാണ് കോളറ ബാധിച്ചവരിൽ ഏറെയുമെന്നാണ് കണക്കുകൾ. ഏറ്റവുമൊടുവിൽ കോളറ ബാധിച്ച ഭൂരിഭാഗം പേരും ആഫ്രിക്കൻ വംശജരാണ്. കാലം തെറ്റിയെത്തുന്ന മഴയും ഉയർന്ന ചൂടും കോളറ പടർന്ന് പിടിക്കുന്നതിന് കാരണമാവുന്നു എന്നാണ് വിദഗ്ദർ പറയുന്നത്.

# മത്സ്യത്തൊഴിലാളികൾക്കുള്ള പ്രളയ നഷ്ടപരിഹാര തുക നഷ്ടപ്പെടില്ല;

## ഉറപ്പ് നൽകി മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ.




വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനും മാറ്റി വാങ്ങുന്നതിനുമായാണ് നഷ്ടപരിഹാര തുക അനുവദിച്ചത്. ഇതു സംബന്ധിച്ച് 2019 ജനുവരി 11 ന് ദുരന്ത നിവാരണ വകുപ്പ് ഉത്തരവിറക്കി. പത്ത ലക്ഷം രൂപയാണ് പ്രളയത്തെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്കായി അനുവദിച്ചിരുന്നത്. വൈകി ട്രഷറിയിൽ എത്തിയ ബില്ല് പണമില്ലാത്തതിനാൽ ക്യൂവിലേക്ക് മാറ്റുകയായിരുന്നു.

# സൗദിയിലെ എണ്ണ പൈപ്പ്‌ലൈൻ പമ്പിങ് സ്റ്റേഷനുകൾക്ക് നേരെ ഡ്രോൺ ആക്രമണം.



ചൊവ്വാഴ്ച പുലർച്ചെയാണ് എണ്ണ സമ്പുഷ്ടമായ കിഴക്കൻ പ്രവിശ്യയിൽനിന്നു ചെങ്കടലിലെ യാൻബു വരെയുള്ള പൈപ്പ്‌ലൈനിനു നേരെ ആക്രമണമുണ്ടായതെന്നു സൗദി ഊർജ മന്ത്രി ഖാലിദ് അൽ ഫാലിഹ് പറഞ്ഞു. ആക്രമണത്തിനു പിന്നാലെ പമ്പിങ് നിർത്തി വച്ചു. ഭീകരനീക്കമായാണ് ആക്രമണത്തെ മന്ത്രി വിശേഷിപ്പിച്ചതെന്ന് റിപ്പോർട്ട് ചെയ്യുന്നു. അറേബ്യൻ ഗൾഫിലുണ്ടായ അട്ടിമറി നീക്കമാണിത്. രാജ്യത്തെ മാത്രമല്ല, ആഗോള സമ്പദ്‌വ്യവസ്ഥയിൽ എണ്ണ വിതരണത്തിന്റെ സുരക്ഷയെയുമാണ് അക്രമികൾ ലക്ഷ്യമിട്ടത്

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 6.59 PM | 7.03 PM | 6.59 PM | 6.59 PM | 6.53 PM | 6.55 PM | 6.55 PM |